# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.കെ.ഡി.12/1442/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്സ്.എ.പി.കെ.ഡി.12/1442/22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.എ.മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീബ | പ്രസിഡന്റ് | 01-04-2019 | 25-10-2019 |

| | | | |
|---|---|---|---|
| പട്ടത്തൊടി | | | |
| ശ്രീമതി.സുനിതാ ജോസഫ് | പ്രസിഡന്റ് | 26-10-2019 | 31-03-2020 |
| ശ്രീമതി.ജെ. സുധ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീമതി.എം.എസ്. രോഷ്നി | സെക്രട്ടറി | 13-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| റസീന .സി.പി | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| അമീറുന്നീസ പിലാത്തോടൻ | അസി.എഞ്ചിനീയർ | 17-07-2019 | 31-03-2020 |
| വേണുഗോപാൽ കെ.എൽ | അസി. സെക്രട്ടറി | 01-04-2019 | 12-12-2019 |
| ബാബു ദിനകർ | അസി. സെക്രട്ടറി | 13-12-2019 | 26-02-2020 |
| അരവിന്ദൻ.എം | അസി. സെക്രട്ടറി | 27-02-2020 | 31-03-2020 |
| ഖദീജ.എം.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 18-03-2020 |
| ലതാകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-03-2020 | 31-03-2020 |
| ഡോ.വിനീഷ് ബാബു | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ബിജു. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.ശോഭ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ആമിനാബി | ഹെഡ് മിസ്ട്രസ് | 01-04-2019 | 20-06-2019 |
| ഗംഗാധരൻ. എം. | ഹെഡ് മിസ്ട്രസ് | 21-06-2019 | 31-03-2020 |
| സ്മിതാ സുധാകർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അനീഷ് നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

-

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-10 |
| 11 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-11 |
| 12 | FTEAOS ലൈസൻസ് അപാകതകൾ<br>Written By: Mohanan K.A (Auditor, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-12 |
| 13 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.<br>Written By: Mohanan K.A (Auditor, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.<br>Written By: Mohanan K.A (Auditor, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-14 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-15 |
| 16 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം | 1-16 |

| | | |
|---|---|---|
| | നൽകിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-17 |
| 18 | പാലക്കുഴി ജലവൈദ്യുത പദ്ധതി – ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-18 |
| 19 | എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-19 |
| 20 | തെരുവ് വിളക്ക് എ.എം.സി -അപാകതകൾ<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-20 |
| 21 | കുടിവെള്ള പദ്ധതിയിൽ പഴയ മോട്ടോർ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.<br>Written By: Biju Antony (Audit Officer, On 24-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-21 |
| 22 | കുറഞ്ഞ ചെലവുകളുള്ള കുടിവെള്ള പദ്ധതികളിൽ അറ്റകുറ്റ പ്പണികൾ പഞ്ചായത്ത് ചെയ്യുന്നു. കൂടാതെ  നിലവിലുണ്ടായിരുന്ന സാധനങ്ങൾ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.<br>Written By: Biju Antony (Audit Officer, On 24-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-22 |
| 23 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 24-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-23 |
| 24 | കണക്റ്റിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-24 |
| 25 | തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-25 |
| 26 | മെരിറ്റോറിയസ് സ്കോളർഷിപ്പ് -അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-26 |
| 27 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-27 |
| 28 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-28 |
| 29 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- | 1-29 |

| | | |
|---|---|---|
| | ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | |
| 30 | കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചു<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-30 |
| 31 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മെരിറ്റോറിയസ് സ്കോളർഷിപ്പ് -അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Biju Antony (Audit Officer, On 30-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Biju Antony (Audit Officer, On 17-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 20-06-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 19-07-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

13-2-2019 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 26571709 |
| വരവ് | 174485775 |
| ആകെ | 201057484 |
| ചെലവ് | 172084775 |
| നീക്കിബാക്കി | 28972709 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 15-5-2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31210733 |
| വരവ് | 82105433 |
| ആകെ | 113316166 |
| ചെലവ് | 77551334 |
| നീക്കിയിരിപ്പ് | 35764832 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13364549 | 13364549 | 12406745 | 957804 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9895294 | 9895294 | 7313076 | 2582218 |
| വികസന ഫണ്ട്- ടി.എസ്. പി (ACR പ്രകാരം) | | 0 | 981033 | 981033 | 189601 | 791432 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7033000 | 7033000 | 2444893 | 4588107 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4544000 | 4544000 | 4416963 | 127037 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11942944 | 11942944 | 10014456 | 1928488 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 493494 | 699288 | 1192782 | 786997 | 405785 |
| | NREGS (അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ) | 61787 | 1602885 | 1664672 | 1299266 | 365406 |
| | TSC | 3611261 | 903736 | 4514997 | 1611126 | 2903871 |
| | BRGF | 3395 | 0 | 3395 | 117 | 3512 |

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | /വരവ് | | | |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 284600 | 2798503 | 3083103 | 480000 | 2603103 |
| സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) | 0 | 1275419 | 1275419 | 300000 | 975419 |
| | 45250 | 70401 | 115651 | 70401 | 45250 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 117502657 | 223 | 64115928 | - | 106 | 67.7 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2357200 | 793200 | 33.6 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 5913400 | 4165696 | 70.4 |
| സെക്രട്ടറി | 37 | 25 | 10274068 | 7274397 | 70.8 |
| ഹെഡ്മാസ്റ്റർ | 4 | 4 | 2085200 | 1818750 | 87.2 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 248 | 164 | 40783768 | 24903045 | 61 |
| അസി. സെക്രട്ടറി | 4 | 3 | 596500 | 345000 | 57.8 |
| മെഡിക്കൽ ഓഫീസർ-CHC | 5 | 4 | 947916 | 613324 | 64.7 |
| വി.ഇ.ഓ | 11 | 8 | 51459954 | 23306115 | 45.2 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 4 | 2421080 | 326000 | 13.4 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 163571 | 70401 | 43 |
| ആകെ | 329 | 223 | 117502657 | 64115928 | 54.5 |

തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61787 | 1602885 | 1664672 | 1299266 | 365406 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 29298760 | 29298760 | 29298760 | - |
| ആകെ | 61787 | 30901645 | 30963432 | 30598026 | 365406 |

## 1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61787 | 1602885 | 1664672 | 1299266 | 365406 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 29298760 | 29298760 | 29298760 | - |
| ആകെ | 61787 | 30901645 | 30963432 | 30598026 | 365406 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63120 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 4632600 | 6 |
| വിധവാപെൻഷൻ | 8584800 | 36 |
| വാർദ്ധക്യകാലപെൻഷൻ | 10785000 | 179 |
| വികലാംഗപെൻഷൻ | 2669400 | 16 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 759600 | 2 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 150000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2935/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

2) കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉപേക്ഷ മൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3) ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

3) സ്ഥാപനത്തിൽ പ്രോക്യൂർമെന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

4) ഡെപ്പോസിറ്റ് വർക്കുകളുടെ റജിസ്റ്ററിൽ വർക്കുകളുടെ വിവരം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയവയുടെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5) മരാമത്ത് പ്രവൃത്തികളിൽ തൻവർഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയിച്ചിട്ടില്ല. ആയതിനാൽ കരാറുകൾ വെയ്ക്കുന്നതിലെ വ്യക്തത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാള്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. ഉദാ: കൃഷി ഓഫീസർ ഉപയോഗിച്ച രസീതി ബുക്കുകളിൽ ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കൂടാതെ വെറ്ററിനറി സർജൻ ഉപയോഗിച്ച രസീതികളിലും ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

7) 2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

8) മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-5-2022 | 2/2022മുതൽ 3/2022വരെ | 21-5-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-5-2011 മുതൽ 25-5-2011 വരെ | 2011-2012 | 4-7-2011 |

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, റേഷൻ കട നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2019-2020 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി, ഇളാമ്പലശ്ശേരി | ഒന്നാം അർദ്ധവർഷം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക്, ഇളാമ്പലശ്ശേരി | ഒന്നാം അർദ്ധവർഷം |
| 3 | മണപ്പുറം ഫിനാൻസ്, കോട്ടപ്പുറം | ഒന്നാം അർദ്ധവർഷം |

(സി) താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുലുക്കിയാട് (അജിത്ത് മോഹൻ, അറ്റൻന്റർ) | രണ്ടാം അർദ്ധവർഷം |

(ഡി) ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പേര്, സ്ഥാപനം |
|---|---|---|
| 1 | 11/38,39 | മുഹമ്മദ്. കെ.കെ. (പലചരക്ക് വ്യാപാരം) |
| 2 | 11/340 | സുഹറാബീവി (വീട്ടുപകരണങ്ങൾ വിൽക്കുന്ന കട) |
| 3 | 8/537 | സവിത (ബേക്കറി) |
| 4 | 10/47 D | മുഹമ്മദ് (റബ്ബർ വ്യാപാരം) |
| 5 | 11/338 | പൂക്കുഞ്ഞിക്കോയതങ്ങൾ (മെഡിക്കൽ ഷോപ്പ്) |
| 6 | 6/252 | ചന്ദ്രശേഖരൻനായർ (സിമന്റ് വ്യാപാരം) |
| 7 | 8/261 | സുലൈമാൻ (തുണി കച്ചവടം) |
| 8 | 8/260 | ഫൗസീല (മൊബൈൽ സ്റ്റേഷനറി വില്പന) |
| 9 | 10/49 | അനിത. ടി.കെ. (പലചരക്ക് വ്യാപാരം) |

ഓഡിറ്റ് അന്വേഷണം : 4/13-06-2022 ന് നൽകിയ മറുപടിയിൽ

(എ) റേഷൻ കടകളിൽ നിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും, കറാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും,

(ബി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും,

(സി) പരാമർശത്തിൽ പറഞ്ഞ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും,

(ഡി) സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 FTEAOS ലൈസൻസ് അപാകതകൾ

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ്

ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. മിക്ക അപേക്ഷകളിലും പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല.

(എ) പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനായുള്ള നിരക്ക് നിശ്ചയിച്ച ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിച്ച് തീരുമാനമെടുക്കേണ്ടതും ആയതിനനുസരിച്ച് ഫീസ് ഈടാക്കാവുന്നതുമാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കേണ്ടതും ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

(സി) റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം : 5/13-06-2022 ന് നൽകിയ മറുപടിയിൽ

(എ) പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിന് ഭരണ സമിതി തീരുമാനം എടുത്തതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. അതിൻ പ്രകാരം ഫീസ് ഈടാക്കി വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെന്നും ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(സി) റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നതിനായി നിരവധി തവണ കത്ത് നൽകിയെങ്കിലും ലൈസൻസ് എടുക്കുന്നതിന് നാളിതു വരെ തയ്യാറായിട്ടില്ലെന്നും, ലൈസൻസ് എടുക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും

സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിക്കാത്തത് ഗൗരവമായി കാണേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 6/13-06-2022 ന് നൽകിയ മറുപടിയിൽ അടുത്ത പഞ്ചായത്ത് യോഗത്തിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ഉപയോഗക്രമം കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | | കാലയളവ് |
|---|---|---|---|
| 1 | 3/416 A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2013-14 മുതൽ 2020-2021 വരെ |
| 2 | 8/440 | കോടാംകുറിശ്ശി | 2009-10 മുതൽ 2020-21 വരെ |
| 3 | 13/75 C | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 2019-20 (1st & 11nd Half)<br>2020-21 (1st Half) |
| 4 | 13/588 | എയർടെൽ ടവർ | 2019-20 (11nd Half)<br>2020-21 (11nd Half) |
| 5 | 14/66 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2013-14 മുതൽ 2020-21 വരെ) |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 7/13-06-2022 ന് നൽകിയ മറുപടി :

1. 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി അടവാക്കാത്തതിനാൽ RR നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. നികുതി അടവാക്കുന്നതാനായി ഡിമാന്റ് നോട്ടീസ് നൽകിയിടിട്ടുണ്ട്.

3. 2021-22 സാമ്പത്തിക വർഷം വരെയുള്ള നികുതി അടവാക്കിയിട്ടുണ്ട്. (രശീത് ഉള്ളടക്കം ചെയ്തിട്ടുണ്ട്)

4. 2020-21 സാമ്പത്തിക വർഷം വരെയുള്ള നികുതി അടവാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

5. 2021-22 സാമ്പത്തിക വർഷം വരെയുള്ള നികുതി അടവാക്കിയിട്ടുണ്ട് (രശീത് ഉള്ളടക്കം ചെയ്തിട്ടുണ്ട്)എന്നും അറിയിച്ചിട്ടുണ്ട്.

## 1-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/13.6.22) മറുപടിയൊന്നും നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയും ബാധകമായ ജി.എസ്.ടി കരാറുകാരൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ആവശ്യമായ രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അളന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപ തോതിൽ അനുവദിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | |
|---|---|---|---|---|
| | | | ബിൽ നം./ ചെക്ക് നം. | തുക (₹) |
| 10/20 | പാലിന് സബ്സിഡി നൽകൽ | ₹163571{38571-Plan Fund(GL), 125000- DP Share} | 1/31-03-20 | 6355 |
| | | | 2/31-03-20 | 29885 |
| | | | 3/31-03-20 | 34161 |

| | |
|---|---|
| തുക | 70401 |

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പാൽ ശേഖരിക്കുന്ന ക്ഷീരസംഘത്തിന്റെ പേര്-

1) കരിമ്പുഴ ക്ഷീരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -62

2) ചാഴിയോട് ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം- 14

3) എലമ്പുലാശ്ശേരി ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -65

4) കുന്നക്കാട് ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -124

സബ്സിഡി മാർഗ്ഗരേഖ {സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018} പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 1 രൂപ നിരക്കിൽ 3 (6/2019 മുതൽ 8/2019 വരെ) മാസത്തേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2019സപ്തംബർ മുതൽ മാർച്ച് 2020 (7 മാസം) വരെയുള്ള പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല. പ്രൊജക്ട് പ്രകാരം ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അളന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപ തോതിൽ അനുവദിക്കാനാവുന്ന രീതീയിലാണ് തയ്യാറാക്കിയതെങ്കിലും ആയത് നൽകാൻ സാധിച്ചിട്ടില്ല. പദ്ധതി വിഹിതത്തിലെ 38571 രൂപ തൻവർഷം ചെലവഴിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം (8/15.06.22) നൽകിയതിന് വരും വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തി പരമാവധി ധനസഹായം അനുവദിക്കത്തക്കവിധത്തിൽ പ്രൊജക്ട് രൂപീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന വിവിധ പദ്ധതികൾക്കുവേണ്ടി കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവൃത്തികളുടെ പൂർത്തികരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ശ്രീകൃഷ്ണപുരം (അക്കൗണ്ട് നമ്പർ- 57047314794) | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (KSEB ഡെപ്പോസിറ്റ് ) (പ്രൊജക്ട് നമ്പർ- 272) | 56000 (CFC Grant) | 51856 | 20/16.12.19) |
| കേരള ജല അതോറിറ്റി, PH ഡിവിഷൻ, ഷൊർണ്ണൂർ (അക്കൗണ്ട് | അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നമ്പർ- 355) | 150000(Own Fund) | 150000(Own Fund) | 21901029/4.12.19 |
| | തോട്ടര എം.എൽ.എ റോഡ് പൈപ്പലൈൻ | 100000(Own Fund) | 100000(Own Fund) | 21901030/4.12.19 |

| | | | | |
|---|---|---|---|---|
| നമ്പർ- 67150213827 | നീട്ടൽ(പ്രൊജക്ട് നമ്പർ- 275) | | | |
| | തോട്ടര തേക്കിൻകാട് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രൊജക്ട് നമ്പർ- 400) | 40000(30000- CFC, 10000- Own Fund) | 30000 | 34/31.3.20 |
| | | | 10000 | 21901635/31.3.20 |
| | തുമ്പക്കണ്ണി അംഗൻവാടി കുടിവെള്ള കണക്ഷൻ(പ്രൊജക്ട് നമ്പർ- 223) | 60000 (Maintenanance Fund-Non Road) | 60000 | 23/13.3.20 |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 1-18 പാലക്കുഴി ജലവൈദ്യുത പദ്ധതി - ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് (അക്കൗണ്ട് നമ്പർ-799011400002200) കൈമാറിയിട്ടുണ്ട് .

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 209/20- പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | അടങ്കൽ/ഫണ്ടിനം | 100000(പ്ലാൻ ജനറൽ ) |
| ചെലവ് | 100000 | ബിൽ നം /തീ: | 13/26.9.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | സെക്രട്ടറി |

പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് (അക്കൗണ്ട് നമ്പർ-799011400002200) കൈമാറിയിട്ടുണ്ട് . ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/16.6.22) മറുപടിയൊന്നും ഹാജരാക്കിയില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 208/20 ജില്ലാ പഞ്ചായത്തിന് എ.ബി.സി വിഹിതം നൽകൽ |
| അടങ്കൽ | 2,00,000 (വികസനഫണ്ട് -ജനറൽ) |
| ചെലവ് | 2,00,000 |
| ബിൽ നം | 12/26.09.2019 |
| നിർവ്വഹണം | സെക്രട്ടറി |

തെരുവുനായ പ്രജനന നിയന്ത്രണ പരിപാടിയിലൂടെ തെരുവ് നായ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, റാബിസ് രോഗ സാധ്യത ഒഴിവാക്കുന്നതിനുമായി രൂപീകരിച്ച പദ്ധതി പാലക്കാട് ജില്ലാപഞ്ചായത്താണ് നടപ്പിലാക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 2,00,000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക്(അക്കൗണ്ട് നമ്പർ-799011400002200) കൈമാറിയിട്ടുണ്ട്. പദ്ധതി

പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16.6.22) മറുപടിയൊന്നും സമർപ്പിച്ചില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ വിവരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-20 തെരുവ് വിളക്ക് എ.എം.സി -അപാകതകൾ

ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റുമായി ബന്ധപ്പെട്ട് 2019-20 ൽ താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/തുക |
|---|---|---|---|---|---|
| സെക്രട്ടറി | 271 | തെരുവ് വിളക്ക് എ.എം.സി 2018-19 | 264720 (തനത് ഫണ്ട്) | 264720 | 21901063,64,65/13.12.19-114720 |
| | | | | | 21901472/ 10.03.20-150000 |

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മുജീബ്.പി, ഡെൽറ്റ ഇലക്ട്രിക്കൽസ്,കോട്ടപ്പുറം എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (13-12-18ലെ 2/1 നം.തീരുമാനം)

പദ്ധതി നടത്തിപ്പിൽ തഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. 07-11-2017 ലെ 177/ഡി.എ.3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും 'ബി' ക്ലാസ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷൻ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് ഏറ്റെടുത്ത കരാറുകാരന് 'സി' ക്ലാസ് ലൈസൻസ് (നം 12384) മാത്രമാണ് ഉള്ളത്.

2.തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ ന.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011)പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി കരാറുകാരന്റെ നിരക്കുമായി താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയുമാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

3.എഗ്രിമെന്റിലെയിലെ വ്യവസ്ഥയിൽ കെ.എസ്.ഇ.ബി.ജീവനക്കാരുടെ മേൽനോട്ടത്തിൽ ജോലി നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിക്ഷിച്ചിട്ടില്ല.

4. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സ്ഥാപനത്തിന്റെയും ബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

5. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. കേടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്. സ.ഉ(സാധാ)നം. 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 7/13.4.22)

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നടത്തേണ്ടതാണ്. വാർഷിക അറ്റകുറ്റപണിയുടെ ചെലവ് തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനസൃതമാകേണ്ടതാണ്.

1-21 കുടിവെള്ള പദ്ധതിയിൽ പഴയ മോട്ടോർ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

താഴെസൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതിയിൽ പഴയ മോട്ടോർ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല. പ്രോജക്ടിന്റെ നം. , പേര് : SO 332/20- കൊട്ടോക്കാവ് കുടിവെള്ളപദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 199761, 116/25-2-2020 |
| കരാർ നം., അളവു പുസ്തകം: | 118/AE/LSGD/KGP/17-18, 7-12-2018,<br>MB No.178/18-19 |
| കരാറുകാരൻ: | സലീം. |

ടി പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനും ടാങ്ക് മാറ്റിസ്ഥാപിക്കുന്നതിനും അനുബന്ധപ്രവൃത്തികൾക്കും ആണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിചെയ്തിരിക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം നിലവിലുണ്ടായിരുന്ന മോട്ടോർ, ടാങ്ക് ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. നിലവിലുണ്ടായിരുന്ന മോട്ടോർ, ടാങ്ക് എന്നിവ ഉപയോഗക്ഷമമാണോ എന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 199761 രൂ. തടസ്സപ്പെടുത്തുന്നു.

1-22 കുറഞ്ഞ ചെലവുകളുള്ള കുടിവെള്ള പദ്ധതികളിൽ അറ്റകുറ്റ പ്പണികൾ പഞ്ചായത്ത് ചെയ്യുന്നു. കൂടാതെ നിലവിലുണ്ടായിരുന്ന സാധനങ്ങൾ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

താഴെസൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതികളിൽ കുറഞ്ഞ ചെലവുകളുള്ള കുടിവെള്ള പദ്ധതികളിൽ അറ്റകുറ്റ പ്പണികൾ പഞ്ചായത്ത് ചെയ്യുന്നു. കൂടാതെ നിലവിലുണ്ടായിരുന്ന സാധനങ്ങൾ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ 50000രൂപയിൽ കുറവ് ചെലവുള്ള പ്രവൃത്തികൾ പഞ്ചായത്ത് നിർവ്വഹിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 390/20- മഞ്ഞാട്ടുമല എസ്.സി. കോളനി കുടിവെള്ള പദ്ദതി. | SO 233/20 -ജനകീയ കുടിവെള്ള പദ്ധതി |
| ചെലവ്: , ബിൽ നം. , തീയ്യതി | 50000, 13/31-3-2020 | 40000, 14/13-5-2019 |
| കരാർ നം., അളവു പുസ്തകം: | 141/AE/LSGD/KGP/19-20, 3-3-2020,<br>MB No.272/19-20 | 102/AE/LSGD/KGP /19-20, 5-12-2018,<br>MB No.131/18-19 |
| കരാറുകാരൻ: | എന്. കുഞ്ഞീൻ | ടി. വീരാൻ |
| പി.എ.സി. | 49984രൂ. | 39800 |
| അടങ്കൽ | 50000 | 40000 |

സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018 ഖണ്ഡിക 6.6.3 പ്രകാരം കുടിവെള്ള പദ്ധതിയുടെ തുടർപരിപാലനം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്നും അറ്റകുറ്റപ്പണികൾ ഗുണഭോക്തൃസമിതി നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50000 രൂപയിൽ കൂടുതൽ ചെലവ് വരുന്ന

പ്രവൃത്തികൾ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ടി നിബന്ധനകൾ പാലിച്ചിട്ടില്ല. കുറഞ്ഞ പി.എ.സി. ഉള്ള പ്രോജക്ടിൽ ലംപ്സം തുക കൂടി ചേർത്ത് 50000രൂപ അടങ്കൽ എത്തിച്ചിരിക്കയാണ്. കൂടാതെ ടി പദ്ധതിയുടെ പരിപാലനം ഗുണഭോക്തൃസമിതിയാണ് നടത്തുന്നത് എന്നിരിക്കിലും സമിതിയുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

